പലപ്പോഴും ഞങ്ങളിരുന്ന് ചിരിക്കാറുണ്ട്. അത് അദ്ദേഹം പറയുന്നത് ഇഷ്ടപ്പെട്ടിട്ടുള്ള ചിരിയല്ല. ഇത് ആവർത്തിച്ചാൽ ഞങ്ങൾക്ക് മറ്റ് നിലയിൽ പ്രതികരിക്കേണ്ടി വരും. സഭയിൽ പ്രശ്നങ്ങൾക്ക് ഇടനൽകും. ഇത് ഒരു പ്രാവശ്യമല്ല, എന്നെക്കുറിച്ച് വ്യക്തിപരമായി പല രൂപത്തിൽ പറയാൻ തുടങ്ങിയിരിക്കുകയാണ്. ഞാനും അതിന് എതിര് പറയുമ്പോൾ പ്രശ്നം സങ്കീർണമാകും. പറയാൻ എനിക്കുമറിയാം. പക്ഷേ ഞാനത് പറയാൻ ആഗ്രഹിക്കുന്നില്ല. സഭയുടെ മാന്യതയും അന്തസ്സും പുലർത്തണമെന്നുള്ളതുകൊണ്ടാണ് അങ്ങയുടെ മുമ്പാകെ ഞാൻ ഈ കാര്യം പറഞ്ഞത്. ഇന്നലേയും ഇന്നും അദ്ദേഹം പറഞ്ഞ പരാമർശങ്ങൾ...... ഇന്നലെ ഞാൻ ഇത് പറഞ്ഞില്ല. വാക്കൗട്ട് നടത്തി ഇറങ്ങിപ്പോകാൻ നേരത്ത് മുഖ്യമന്ത്രി പറയുന്നത് ശരിയല്ലെന്ന് ഞാൻ പറഞ്ഞു. ഇന്ന് അദ്ദേഹം വീണ്ടും ആവർത്തിച്ചു. ഈ നിലയിൽ മുഖ്യമന്ത്രിയുടെ സമീപനം സഭയുടെ അന്തസ്സിന് ചേർന്നതല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഞങ്ങൾക്ക് നീതി നൽകണമെന്ന് അപേക്ഷിക്കുകയാണ്.

## VII റൂളിംഗ്

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിഷയമായിരുന്നുവെങ്കിൽ ഇന്ന് ഇത് മാറ്റിവച്ചേനേ. കാരണം മുഖ്യമന്ത്രി സീറ്റിലില്ലല്ലോ ? അദ്ദേഹം കൂടി കേൾക്കണമല്ലോ ? എനിക്കതിനെക്കുറിച്ച് അറിയില്ലായിരുന്നു. ശ്രീ. ടി. എം. ജേക്കബ് റൂൾ അനുസരിച്ച് പേഴ്സണൽ എന്നു പറഞ്ഞതുകൊണ്ടുമാത്രം അനുവദിച്ചതാണ്. അല്ലെങ്കിൽ മാറ്റി വയ്ക്കുമായിരുന്നു. മുഖ്യമന്ത്രികൂടി കേൾക്കേണ്ടതായിരുന്നു. വേറൊന്നും കൊണ്ടല്ല.

## VIII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശകസമിതിയുടെ മുപ്പത്തിഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പതിനഞ്ചുമുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പതിനഞ്ചുമുതൽ പതിനെട്ടു വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly